**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3555 — 20.06.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ ആരോഗ്യ കേന്ദ്രങ്ങളുടെ ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്ന എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടു കൂടിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ഇതിനായി തെരെഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമായവയിൽ എല്ലാം തന്നെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയലറ്റ് സൗകര്യം, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കി പ്രത്യേക ചികിത്സ മാർഗ്ഗരേഖ വഴി ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുകയും അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സേവനം മെച്ചപ്പെടുത്തിയും വരുന്നുണ്ട്. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്, ഡിപ്രഷനും, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും, സബ്സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും, ഫീൽഡ് പ്രദേശങ്ങളിലേക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തി വരുന്നുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (സി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പുതുതായി ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. 2018 ജനുവരിയിൽ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ